**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്- 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പളനിർണ്ണയത്തിൻമേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വന്നിട്ടുള്ള ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡിനു റീ-ഓപ്ഷൻ അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (പി.ആർ.സി-എ) വകുപ്പ്**

**സ.ഉ.(അച്ചടി) നം.129/2019/ധന. തിരുവനന്തപുരം, തീയതി: 23/09/2019.**

---

പരാമർശം : 1. സ.ഉ (പി) 145/2006/ധന. തീയതി 25.03.2006

2. 08.08.2008-ലെ 46/2008/ധന. നം. സർക്കുലർ

3. സ.ഉ (പി) 85/2011/ധന. തീയതി 26/02/2011

4. 22.06.2018-ലെ സ.ഉ (അച്ചടി) 96/2018/ധന.

<u>ഉത്തരവ്</u>

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും സമയബന്ധിത ഹയർഗ്രേഡ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും യഥാക്രമം പരാമർശം 1, 3 പ്രകാരം പരിഷ്കരിച്ച് ഉത്തരവായിരുന്നു. പരാമർശം 4 പ്രകാരം 2004, 2009 ശമ്പളപരിഷ്കരണ കാലഘട്ടത്തിൽ ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വന്ന ജീവനക്കാർക്ക് റീ-ഓപ്ഷൻ അനുവദിച്ചിട്ടുണ്ട് എങ്കിലും സമയബന്ധിത ഹയർഗ്രേഡിന് നാളിതുവരെ പൊതു ഉത്തരവിലൂടെ റീ-ഓപ്ഷൻ അനുവദിച്ചിട്ടില്ല. കൂടാതെ പരാമർശം 2 സർക്കുലറിലെ ഖണ്ഡിക 11 പ്രകാരം സമയബന്ധിത ഹയർഗ്രേഡുകൾക്ക് ഒരിക്കൽ സമർപ്പിക്കുന്ന ഓപ്ഷൻ അന്തിമവും റീ-ഓപ്ഷൻ അനുവദനീയവുമല്ല എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. നിലവിലെ ഉത്തരവുകളിൽ നിലനില്ക്കുന്ന പ്രധാന പ്രശ്നം ശമ്പളം ഫിക്സ് ചെയ്ത്

വർഷങ്ങൾക്ക് ശേഷം അന്ന് അനുവദിച്ച ഓപ്ഷൻ തെറ്റാണ് എന്ന് ഓഡിറ്റിലൂടെ കണ്ടു പിടിക്കുകയും വലിയ തുകകൾ തിരിച്ച് അടയ്ക്കാൻ ആവശ്യപ്പെടുന്ന നിർദ്ദേശങ്ങൾ അനേകം കോടതി വ്യവഹാരങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. ഇവിടെ ഭരണപരമായി സംഭവിക്കുന്ന തെറ്റിന് ജീവനക്കാരൻ വിലനൽകേണ്ടിവരുന്നു.അതേ സമയം ഇത് ഉണ്ടാക്കുന്ന സാമ്പത്തിക ബാദ്ധ്യതകളും പരിഗണിക്കേണ്ടതുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഒറ്റത്തവണ തീർപ്പാക്കൽ എന്ന രീതിയിൽ 2004, 2009 ശമ്പളപരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പളനിർണ്ണയത്തിൻമേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് ഉണ്ടായിട്ടുള്ള ജീവനക്കാർക്ക് മാത്രമായി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി സമയബന്ധിത ഹയർഗ്രേഡിന് റീ-ഓപ്ഷൻ അനുവദിച്ച് ഉത്തരവാകുന്നു.

(i) സമയബന്ധിത ഹയർഗ്രേഡിന് റീ-ഓപ്ഷൻ സമർപ്പിക്കേണ്ട സമയപരിധി ഈ ഉത്തരവ് തീയതി മുതൽ മൂന്ന് മാസമായിരിക്കും. യാതൊരു കാരണവശാലും റീ-ഓപ്ഷൻ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

(ii) ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന റീ-ഓപ്ഷന്, റീ-ഓപ്ഷൻ സമർപ്പിക്കുന്ന തീയതിവരെ ഒരു തരത്തിലുള്ള കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കുന്നതല്ല. സാമ്പത്തിക ആനുകൂല്യം റീ-ഓപ്ഷന് സമർപ്പിക്കുന്ന തീയതി മുതൽക്ക് മാത്രമായിരിക്കും. സമയബന്ധിത ഹയർഗ്രേഡ് നിർണ്ണയവും റീ-ഓപ്ഷൻ പ്രകാരമുള്ള ശമ്പള പുനർനിർണ്ണയവും പൂർണ്ണമായും നിയമന അധികാരി/നിയന്ത്രണ അധികാരിയുടെ ഉത്തരവാദിത്വത്തിൻ കീഴിലായിരിക്കും. ഈ ഉത്തരവിന് വിരുദ്ധമായി അധിക തുക അനുവദിക്കുന്ന പക്ഷം, പ്രസ്തുത തുകയുടെ പലിശ കേരള ഫിനാൻഷ്യൽ കോഡിൽ സൂചിപ്പിച്ചിരിക്കുന്ന നിരക്കിൽ ശമ്പള നിർണ്ണയ അധികാരികളിൽ നിന്ന് ഈടാക്കുന്നതാണ്.

(iii) ആദ്യ ഓപ്ഷൻ തീയതി മുതൽ റീ-ഓപ്ഷൻ പ്രാബല്യ തീയതി വരെ അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് റീ-ഓപ്ഷൻ അനുവദിക്കുന്നതു വഴി ലഭിക്കുന്ന കുടിശ്ശിക തുകയിൽ തട്ടിക്കിഴിക്കേണ്ടതും, ബാക്കി തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് രൊക്കമായി 22.6.1990 ലെ 46/90/ധന. സർക്കുലറിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കകം പുതുക്കിയ ശമ്പളം അനുവദിക്കുന്നതിനു മുമ്പായി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

(iv) 2004 ശമ്പളപരിഷ്കരണ ഉത്തരവിലെ അനുബന്ധം II ഖണ്ഡിക 14, 2009 ശമ്പളപരിഷ്കരണ ഉത്തരവിലെ അനുബന്ധം II ഖണ്ഡിക 25 ലെ ഓപ്ഷൻ മാതൃക പ്രകാരം ബന്ധപ്പെട്ട ശമ്പളപരിഷ്കരണ ഉത്തരവിൽ ഓപ്ഷൻ/റീ-ഓപ്ഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്കനുസൃതമായി സമയബന്ധിത ഹയർഗ്രേഡിന് റീ-ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

(v) ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന റീ-ഓപ്ഷനുള്ള അപേക്ഷ ബന്ധപ്പെട്ട നിയമന അധികാരി/നിയന്ത്രണ അധികാരികൾക്കോ/വകുപ്പ് തലവൻമാർക്കോ സമർപ്പിക്കേണ്ടതാണ്. അതിന് പ്രത്യേക സർക്കാർ അനുമതി ആവശ്യമില്ല.

(vi) ഈ ഉത്തരവിന്റെ ആനുകൂല്യം അർഹതപ്പെട്ട എല്ലാ ജീവനക്കാർക്കും ലഭിക്കുന്നതിനായി 2004,2009 ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണ്ണയ പരിശോധന അടിയന്തിരമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് വകുപ്പുതലവൻമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

(vii) കോടതി ഉത്തരവിലൂടെ അന്തിമമായി തീർപ്പ് കൽപിച്ച കേസുകൾ പുനരാലോചിക്കുകയില്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**റ്റി.എസ്. മജീദ്**
**ധനകാര്യ സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്:
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം
എല്ലാ വകുപ്പുകൾക്കും, വകുപ്പു തലവൻമാർക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടേറിയേറ്റിലെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർക്ക്
ഗവർണ്ണറുടെ സെക്രട്ടറി

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി
പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ